## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T. 1947 — 19.06.2012-ൽ മറുപടിക്ക്.

### കൊച്ചി മെട്രോ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ:<br>പ്രൊഫ.സി. രവീന്ദ്രനാഥ്:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ.കെ. സുരേഷ് കുറുപ്പ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പു മന്ത്രി) | |
| (എ) | കൊച്ചി മെട്രോ പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; കൊച്ചി മെട്രോ റെയിൽ പദ്ധതിക്കായി മുൻസർക്കാർ നിയോഗിച്ച കൺസൽട്ടന്റ്, ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; കൺസൽട്ടന്റിനെ മാറ്റാനുള്ള ശ്രമം അവസാനിപ്പിച്ചതായി കരുതാമോ; | (എ) | കൊച്ചി മെട്രോറെയിൽ പ്രോജക്റ്റിന്റെ പ്രാരംഭഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.<br>കൺസൽട്ടന്റ് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നോർത്ത് മേൽപ്പാലത്തിന്റെ പുനർനിർമ്മാണം, സലീം രാജൻ - കെ. എസ്. ആർ. ടി. സി മേൽപ്പാലത്തിന്റെ നിർമ്മാണം, എം.ജി റോഡ്, ബാനർജി റോഡ്, സൗത്ത് റയിൽവേ സ്റ്റേഷൻ റോഡുകളുടെ വീതിക്കൂട്ടൽ അടങ്ങിയ അഞ്ച് പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നു.<br>കൺസൽട്ടന്റിനെ മാറ്റാനുള്ള ശ്രമം ഉണ്ടായിട്ടില്ല. |
| (ബി) | പ്രിപ്പറേറ്ററി വർക്കുകൾ സമയബന്ധിതമായി നടക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പദ്ധതിക്ക് ഏതെല്ലാം അനുമതികളാണ് ഇനിയും ലഭിക്കേണ്ടതായിട്ടുള്ളത്; അവ ഏതെല്ലാം ഘട്ടങ്ങളിലാണ്; | (സി) | പദ്ധതിക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം കൂടി ഇനി ലഭിക്കുവാൻ ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി ചെലവ് കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഇൻഡ്യാ ഗവൺമെന്റിൽ നിന്ന് പദ്ധതിക്ക് ഉറപ്പാക്കിയ തുക എത്ര; ഏതെല്ലാം നിലയിൽ ഫണ്ട് കണ്ടെത്താൻ ഉദ്ദേശിക്കുന്നു; | (ഡി) | ഉണ്ട്, പദ്ധതിയുടെ ചെലവ് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇൻഡ്യാ ഗവൺമെന്റിൽ നിന്നും 1002.26 കോടി രൂപയാണ് ലഭിക്കുന്നത്. ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക) യിൽ നിന്ന് പദ്ധതിക്കായി വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നു. |
| (ഇ) | പദ്ധതിക്ക് മുൻവർഷവും ഈ വർഷവും സംസ്ഥാന ബജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; എത്ര വീതം തുക ഇതിനകം ചെലവഴിക്കപ്പെട്ടിട്ടുണ്ട്? | (ഇ) | മുൻവർഷം അമ്പത്തിമൂന്ന് കോടി രൂപയും ഈ വർഷം നൂറ്റിപ്പത്തൊൻപത് കോടി രൂപയും സംസ്ഥാന ബജറ്റിൽ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിനകം പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തികൾക്കായി മുപ്പത്തെട്ട് കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ